Madhyamam
15 February 2016

# മലബാർ സിമൻറ്സിൽ ഇഷ്ടക്കാരെ തിരുകിക്കയറ്റാൻ നീക്കം -വി.എസ്

**വാളയാർ:** മലബാർ സിമൻറ്സിലെ പഴയ തൊഴിലാളികളെ ഒഴിവാക്കി ഇഷ്ടക്കാരെ തിരുകിക്കയറ്റാനാണ് സർക്കാറിൻെറയും മാനേജ്മെൻറിൻെറയും നീക്കമെന്ന് പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ. താൽക്കാലിക-കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് ഡിസംബർ 19 മുതൽ സമരം നടത്തുന്നവരെ സന്ദർശിച്ച് സംസാരിക്കുകയായിരുന്നു. അദ്ദേഹം.

സ്ഥാപനത്തിനായി ജീവിച്ചവരെ പിരിച്ചുവിട്ടാൽ അവർ എങ്ങിനെ ജീവിക്കുമെന്ന് അധികൃതർ ചിന്തിക്കണം. ലക്ഷങ്ങൾ കോഴ വാങ്ങി ക്രമവിരുദ്ധ നിയമനങ്ങൾ നടത്തുകയാണ് സർക്കാർ. തൊഴിലാളികളെ വഴിയാധാരമാക്കി ആത്മഹത്യയിലേക്ക് നയിക്കരുതെന്ന് വി.എസ്. പറഞ്ഞു. സി.ഐ.ടി.യു ഡിവിഷനൽ സെക്രട്ടറി എസ്.ബി. രാജു അധ്യക്ഷനായി. സമര സഹായ സമിതി കൺവീനർ എൻ. തങ്കച്ചൻ, ചെയർമാൻ എസ്. സുഭാഷ് ചന്ദ്രബോസ് എന്നിവർ സംസാരിച്ചു.